"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിതശിശു വികസന വകുപ്പ്- കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ- ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനുമായി ഗ്യാരന്റി കരാർ ഒപ്പിടുന്നതിലേയ്ക്കായി ഒന്നാം കക്ഷിയ്ക്ക് (Governor of Kerala) വേണ്ടി ഒപ്പ് ചാർത്തുന്നതിനായി വനിതശിശു വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിതശിശു വികസന(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.41/2026/WCDD തീയതി,തിരുവനന്തപുരം, 28-01-2026

---

പരാമർശം:- 1. സ.ഉ.(കൈ) നം. 4/2023/WCDD തീയതി. 04.08.2023.

2. കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 15.11.2025-ലെ KSWDC/PO2/GOVT.GUARANTEE/2025-26/4674 നമ്പർ കത്ത്.

**ഉത്തരവ്**

കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിൽ നിന്നും വായ്പ ലഭിക്കുന്നതിനായി 100 കോടി രൂപയുടെ അധിക സർക്കാർ ഗ്യാരന്റി അനുവദിച്ചു കൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. തുടർന്ന് ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനുമായി ഗ്യാരന്റി കരാറുകൾ ഒപ്പിടുന്നതിലേയ്ക്കായി കരട് ഗ്യാരന്റി ഡീഡ് വനിതാ വികസന കോർപ്പറേഷനിൽ നിന്നും പരാമർശം (2) പ്രകാരം സമർപ്പിച്ചിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വനിതാ വികസന കോർപ്പറേഷൻ സമർപ്പിച്ചിരിക്കുന്ന കരട് ഗ്യാരന്റി കരാറിലെ പ്രാരംഭ ഖണ്ഡികയിലും signature Clause--ലും 'Principal Secretary, Women & Child Development Department' എന്ന് പ്രതിപാദിച്ചിട്ടുള്ളതിനാൽ, ടി കരാറിൽ ഒന്നാം കക്ഷിയ്ക്കു (Governor of Kerala) വേണ്ടി ഒപ്പ് ചാർത്തുന്നതിനായി വനിതശിശു വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്

നിയമ വകുപ്പ്. ( Vide U.O.No. CONV-2/142/2025-LAW dated.03.01.2026).

വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Renji George
സെക്ഷൻ ഓഫീസർ
Date: 28-01-2026 14:51:38